# DISCOURSE ON LITERATURE, CULTURE & HISTORY

Cheif Editor : Prof.Dr. L.Thomaskutty
Managing Editor : Prof.Dr. M.A.Joseph

UGC – HUMAN RESOURCE DEVELOPMENT CENTRE
UNIVERSITY OF CALICUT

Scanned by CamScanner

# DISCOURSE ON LITERATURE, CULTURE & HISTORY

Cheif Editor: Prof. Dr. L.Thomaskutty
Managing Editor: Prof. Dr. M.A.Joseph

ISBN 978-93-87398-88-7
9 789387 398887 >
Study ₹ 400/-

visit our online store bookat.in
www.insightpublica.com
facebook.com/insightpublica

INSIGHT PUBLICA

Scanned by CamScanner

INSIGHT PUBLICA®
Nadakkavu, Kozhikode, Kerala
Tel:0495-4020666
www.insightpublica.com|www.bookat.in
e-mail: insightpublica@gmail.com

**Discourse on Literature, Culture & History**
**(Bilingual)**

**Editorial Board:**
Prof. Dr. L. Thomaskutty (Chief Editor)
Prof. Dr. M. A. Joseph (Managing Editor)
Dr. M. V. Sudhakaran
Dr. P. Praseetha
Dr. Muhammad Maheen
Dr. M. N. Rajan
Dr. Gopu S. Pillai
Dr. Sanjai S.
Dr. M. Sathian
Dr. Biju Joseph
Dr. Jobin Chamakkala
Dr. Sreejit G.

**ISBN 978-93-87398-88-7**

Published in January 2019
Copyright©Reserved
All Rights reserved. No Part of this Publication may be reproduced, stored in a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the publisher.
Cover Design: KJ VJ
Published by
Publication: UGC-Human Resource Development Centre
University of Calicut
Insightinpublica Printers & Publishers Ltd.
₹ 400

Scanned by CamScanner

UGC – HUMAN RESOURCE DEVELOPMENT CENTRE
UNIVERSITY OF CALICUT

# Discourse on Literature, Culture & History

Chelf Editor: Prof.Dr. L.Thomaskutty

Managing Editor: Prof.Dr. M.A.Joseph

INSIGHT PUBLICA®

Scanned by CamScanner

# ഉള്ളടക്കം

ആമുഖം
*ഡോ. എൽ. തോമസുകുട്ടി*

സാംസ്കാരിക പ്രതിരോധം
എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ,
*ഡോ. അന്നം സിനി എ.പി.*

പെരുങ്കളിയാട്ടം -
സ്ഥലനിഗ്രഹത്തിന്റെ ചരിത്രപാഠം,
*ഡോ. ശ്രീജിത് ജി.*

ചരിത്രത്തിന്റെ വിപരിണാമങ്ങൾ -
അയ്മനം ജോണിന്റെ
കഥകളെ അടിസ്ഥാനമാക്കിയുള്ള പഠനം,
*യമുന ടി.*

പരിസ്ഥിതി ദർശനം - മലയാളകവിതയിൽ,
*കെ. എ. ജെസി*

സ്ത്രൈണതയുടെ ചരിത്രവൽക്കരണം
കെ.ആർ മീരയുടെ തെരഞ്ഞെടുത്ത കഥകളിൽ,
*ഷീന എസ്.*

സഹനത്തിന്റെ രാഷ്ട്രീയം സ്ത്രീസാഹിത്യത്തിൽ,
*ജിഷ എലിസബത്ത് വർഗ്ഗീസ്*

സമൂഹപരിണാമവും
ലീലാതിലകത്തിലെ വർണ്ണവികാരങ്ങളും,
*ഡോ. സജീവ് കുമാർ എസ്.*

Scanned by CamScanner

കുടുംബനിർമ്മിതിയും സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളും
- കേരളീയ കുടുംബവികാസചരിത്രത്തെ
ആധാരമാക്കി ഒരു പഠനം, *നിമ്മി എം.പി.* 66

ആദ്യകാല മലയാളപത്രങ്ങൾ:
ആഖ്യാനവും മാധ്യമതയുടെ രൂപാന്തരണവും,
*കെ. ദയാനന്ദൻ* 74

കേരളീയ ഗോത്ര ജീവിതത്തിന്റെ
സാംസ്കാരിക വിനിമയങ്ങൾ ഒരു വിശകലനം,
*ഡോ. ലീല പി.യു.* 91

ചരിത്രാഖ്യാനവും അധീശത്വവ്യവഹാരങ്ങളും -
ഉഷ്ണരാശി എന്ന നോവലിൽ,
*ഡോ.സുപ്രിയ വി.സി* 99

'ചിലപ്പതികാര'ത്തിന്റെ ചരിത്രപരത,
സാഹിത്യപരത, സാമൂഹികത : മൂല്യവും പ്രസക്തിയും മലയാള
സാംസ്കാരിക ചരിത്രപശ്ചാത്തലത്തിൽ,
*ഡോ. ഡി. റെജികുമാർ* 105

പുതുനോവൽ:
വായനയുടെ ഹൈപ്പർലിങ്കുകൾ,
*അബ്ദുൾസലാം എ.പി.* 115

Civil Disobedience Movement,
*Dr. G.Mane Th.anam,* 128

Vocational education in Kerala during colonial
period with special reference of fisheries schools in Malabar,
*ജോഷിബ പി.പി.* 135

Chettur Sankaran Nair:
A valiant critique of Amritsar Tragedy,
*SALEENA K.K.* 142

Indigenous Knowledge systems of Tribals in Wayanad,
*Bindhu Mathew* 148

Ibn Majid's Voyage:
Legacy of an Arab Travellers' Account, *Maimoonath A.P.* 153

Timeless Religious Community A Myth :
Pre Colonial Mappila Society - A Rereading,

*Shihabudheen Poonthala* 163

മലയാളസിനിമയിലെ മലയാളങ്ങൾ
'ഗ്ലോക്കൽ'പശ്ചാത്തലത്തിൽ,
*ഡോ. സിബു മോടയിൽ* 180


Scanned by CamScanner

നാടോടി സംസ്കൃതിയുടെ അടയാളപ്പെടുത്തലുകൾ
തെരുവുനാടകത്തിൽ,
*ഡോ. ജാൻസി കെ. എ.*

സ്വത്വം, പ്രതിനിധാനം, ആഖ്യാനം:
സി.ജെ.യുടെ സാറാമ്മ എന്ന കഥാപാത്ര വിശകലനം,
*മിനി സെബാസ്റ്റ്യൻ*

തുള്ളൽപഠനങ്ങളുടെ പുനർവായന,
*ഒ. അരുൺകുമാർ*

വാക്കുകൊണ്ട് ജീവിതത്തിന്റെ കല്ലുകൊത്തുന്നവർ,
*ഡോ. സജിത്ത് ഏവൂരേത്ത്*

കുണ്ഡലിനിപ്പാട്ടിന്റെ യോഗദർശനാഭിമുഖ്യങ്ങൾ,
*ഡോ. ജോബിൻ ചാമക്കാല*

നവോത്ഥാനത്തിന്റെ സംഘർഷങ്ങൾ:
നങ്ങേമക്കുട്ടിയിൽ,
*മുത്തു കെ.*

മലബാർ സമരത്തിന്റെ സാഹിത്യപാഠങ്ങൾ-
ആഖ്യാനത്തിന്റെ രാഷ്ട്രീയം,
*സലാഹുദ്ദീൻ സി. ടി.*

അനിരാകരണത്തിന്റെ ലാവണ്യാനുഭവം നാരായണഗുരുവിൽ,
*ഡോ.കവിതാ രാമൻ*

'നാറാണത്ത് ഭ്രാന്തൻ'-
ഐതിഹ്യത്തിന്റെ പൊരുളും പരിപ്രേക്ഷ്യവും,
*ആശാമോൾ എസ്.*

മനോവിജ്ഞാനീയ വിമർശം:
കേരളീയ ചരിത്രവഴികൾ ആദ്യകാല മലയാള
സാഹിത്യ-സാംസ്കാരിക വിമർശപാഠങ്ങളുടെ വിശകലനം,
*ഡോ. പ്രസീത പി.*

മക്തിതങ്ങളും മുസ്ലീം നവോത്ഥാന പരിശ്രമങ്ങളും,
*ഡോ. ജയശ്രീ കെ.എം.*

സാഹിതീയാധുനികതയും കേരളചരിത്രവും,
*സോണിയ ഇ.പ.*

പാണ്ഡവപുരത്തിലെ ദേവി-
ഒരു സ്ത്രീപക്ഷ വായന,
*സേവ്യർ സി. എസ്.*

പോർച്ചുഗീസ് ഇതിഹാസകാവ്യത്തിലെ കോഴിക്കോട്,
*ഡോ . അശോക് എ. ഡിക്രൂസ്*

Scanned by CamScanner

# DISCOURSE ON LITERATURE, CULTURE & HISTORY

Cheif Editor: Prof. Dr. L.Thomaskutty
Managing Editor: Prof. Dr. M.A.Joseph

ISBN 978-93-87398-88-7

9 789387 398887 >

Study ₹ 400/-

visit our online store **bookat.in**

www.insightpublica.com

facebook.com/insightpublica

INSIGHT PUBLICA

Scanned by CamScanner

# അനിരാകരണത്തിന്റെ ലാവണ്യാനുഭവം നാരായണഗുരുവിൽ

**ഡോ.കവിതാ രാമൻ**
അസിസ്റ്റന്റ് പ്രൊഫസർ
ശ്രീശങ്കരാചാര്യാ സംസ്കൃത സർവ്വകലാശാല കാലടി

വേദാന്തത്തിന്റെ അനുഭവസത്തയിലേയ്ക്ക് അന്വേഷകനെ എത്തിക്കുന്ന സാമ്പ്രദായിക സൂത്രവാക്യങ്ങളിൽ ഒന്നാണ് 'അനിരാകണം'എന്നത്.

'സർവം ബ്രഹ്മോപനിഷദം, മാഹം ബ്രഹ്മ നിരാകുര്യാം മാമാ ബ്രഹ്മ നിരാകരോദനിരാകരണമസ്തു, അനിരാകരണം മേസ്തു. തദാത്മനി നിരതേ യ ഉപനിഷത്സു ധർമാസ്തേ മയി സന്തു, തേ മയി സന്തു' (2009, ഉപനിഷദ് ശാന്തിമന്ത്രം)

വേദാന്തത്തിൽ ഋണാത്മകത(Negative) എന്നൊന്നില്ല. ചെറിയ ശരികളിൽ നിന്ന് വലിയ വലിയ ശരികളിലൂടെയുള്ള പ്രസാദാത്മകമായ യാത്രയാണ് വേദാന്തജീവിതം ആവശ്യപ്പെടുന്നത്. പ്രസാദാത്മകത എന്നിവിടെ പറയാൻ കാരണം 'പ്രസാദേ സർവ്വദുഃഖാനാം ഹാനി' എന്ന ശ്രുതി പ്രമാണത്തെ മുൻനിറുത്തിയാണ്. പാപബോധം, ശരിതെറ്റുകൾ, തിന്മ എന്നിവയൊന്നും വേദാന്തചിന്തയിലില്ല. കാരണം വേദാന്തദർശനത്തിന്റെ പിറവി അജാതവാദത്തിൽ നിന്നാണല്ലോ.

*"മരണവുമില്ല പുറപ്പുമില്ല വാഴ്‌വും*
*നരസുരരാദിയുമില്ല നാമരൂപം മരുവിൽ*
*അമർന്ന മരീചിനീരുപോൽ നിൽപ്പൊരു*
*പൊരുളാം പൊരുളല്ലിതു ഓർത്തിടേണം"*
*(ആത്മോപദേശശതകം, 2012, 78)*



Scanned by CamScanner

എന്ന് നാരായണഗുരു 'ആത്മോപദേശശതക'ത്തിൽ പറയുന്നുണ്ട്. അദ്വൈതവേദാന്തിയായ സാമ്പ്രദായികസന്ന്യാസിയായിരുന്ന നാരായണഗുരുവിന്റെ കൃതികളും ജീവിതവും ഉപാദാനമാക്കിക്കൊണ്ട് ഇന്ത്യൻ വേദാന്തചിന്തയിലെ 'അനിരാകരണം' എന്ന പദ്ധതിയുടെ ലാവണ്യാനുഭവം അന്വേഷിക്കുകയാണ് ഈ പ്രബന്ധം ലക്ഷ്യം വെയ്ക്കുന്നത്.

ഭാരതീയ ചിന്തയിലും അനുഷ്ഠാനത്തിലും 'നേതി, നേതി' എന്നൊരു ഇതര സമ്പ്രദായമുണ്ടല്ലോ എന്നൊരു ചോദ്യം വരാം. വിചാരമാർഗ്ഗത്തോടു ചേർന്നു നിൽക്കുന്ന അനുഷ്ഠാനപദ്ധതിയാണ് നേതി നേതി എന്നത്. വിചാരമാർഗ്ഗം സാധാരണതയാ ഉപയോഗിക്കുവാൻ കഴിയുകയില്ല. കാരണം തമോഗുണത്തിലോ രജോഗുണത്തിലോ നിൽക്കുന്ന സാധകന് വിചാരമാർഗ്ഗത്തിലൂടെ മുന്നേറാൻ കഴിയുകയില്ല. അയാളുടെ അന്തഃക്കരണ ശുദ്ധിയ്ക്ക്, തമോഗുണത്തിൽ നിന്ന് രജോഗുണത്തിലേയ്ക്കും രജോഗുണത്തിൽ നിന്ന് സത്വഗുണത്തിലേയ്ക്കും പരിണമിക്കുന്നതിന് അതാതുതലങ്ങളെ പരിണമിപ്പിക്കുന്ന ദേവതാഉപാസനവും കർമ്മപ്രപഞ്ചവും അനിവാര്യമാണ്.

തമോഗുണംകൊണ്ട് വിഷാദിയായിത്തീർന്നവനെ, അരതിബാധിച്ചവനെ, ധ്യാനിക്കാനിരുത്തിയാൽ അയാൾ ഉന്മാദത്തിലൂടെ വ്യക്തിസത്തയെ നിഷേധിക്കുകയോ, മിഥ്യാചാരനായി അവശനായിത്തീരുകയോ ചെയ്യും. ഗുണങ്ങളുടെ ക്രമികമായ വികാസമാണ് അനിവാര്യം. ഇതിന് ഉദാഹരണമാണ് 'യോഗവാസിഷ്ഠ രാമായണം'. ഈ കൃതിയിൽ അരതിവന്ന് വിഷാദിയായിത്തീർന്ന രാമന് വിശ്വാമിത്രൻ ഉപാസനയുടെയോ ധ്യാനത്തിന്റെയോ പാഠങ്ങളല്ല പകർന്ന് നല്കുന്നത്. രാമനിലെ തമോഗുണത്തെ രജോഗുണത്തിലേയ്ക്ക് പരിവർത്തിപ്പിക്കുന്ന വനയാത്ര, യാഗരക്ഷ, യുദ്ധം, വിവാഹം എന്നിവയിലേയ്ക്കാണ് കൊണ്ടുപോകുന്നത്. ഇങ്ങനെ ക്രമികമായി ഗുണത്തെ പരിണമിപ്പിക്കുന്ന ജീവിതക്രമത്തിന് ഭാരതം ചിട്ടപ്പെടുത്തിയിട്ടുള്ളത് 'അനിരാകരണം' എന്ന സാധാനാപദ്ധതിയാണ്. അതിനുവേണ്ടി ചിട്ടപ്പെടുത്തപ്പെട്ട സാമൂഹ്യക്രമത്തിനുള്ളിലാണ് ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം ഇവ പ്രസക്തമാകുന്നത്.

രതി പ്രചണ്ഡമാകാത്ത, ഹോർമോണുകളും കണ്ഠഗോളകങ്ങളും മാറിമറിയാത്ത വാസനയുടെ തമോഗുണപ്രധാനമായ ബാല്യത്തിലാണ് ഏകാഗ്രത ഏറിയിരിക്കുക. മറവി ബാധിക്കാത്ത ബ്രഹ്മചര്യാകാലം വിദ്യാർജനത്തിനായി ക്രമപ്പെടുത്തുക. ശാസ്ത്രം വിധിയാംവണ്ണം പഠിച്ചിട്ടും വാസന അവശേഷിക്കുന്നുണ്ടെങ്കിൽ അടുത്ത ശരിയായ ഗാർഹസ്ഥ്യത്തെ സ്വീകരിക്കുക. ബഹുവിധമായി പോകാവുന്ന ശരീരകാമത്തെ വിധിയാംവണ്ണം ഒരാളിൽ



Scanned by CamScanner

അന്വയിക്കുക. അതാവട്ടെ കുടുംബമെന്ന വലിയ ഒരു സ്ഥാപനത്തിനുള്ളിലാകുക. അവിടെ കുട്ടികളെ വളർത്തുക, ജീവിതായോധനത്തിനുള്ളവ ആർജ്ജിക്കുക, തുടങ്ങിയ കർത്തവ്യകർമ്മങ്ങൾ പ്രധാനമായി വരുന്നതുകൊണ്ട് കാമത്തിന് സ്വാഭാവികമായ ദിശാവ്യതിയാനം വരുകയും വ്യക്തിയിലെ രതി കഥാർസിസിന് വിധേയമാകുകയും ചെയ്യും. അജസ്രവം തുടരുന്ന ഈ പ്രക്രിയയിൽ അടുത്ത തലമുറവരുമ്പോൾ തിരക്കൊഴിഞ്ഞിരുന്ന് സ്വജീവിതം പാഴ്ചെലവായിരുന്നോ എന്ന വിചാരത്തിലേയ്ക്ക് വ്യക്തി കടക്കുന്ന 'വനനീയം സംഭജനീയമായ' വാനപ്രസ്ഥം.

ഗാർഹസ്ഥ്യം രജോഗുണപ്രധാനമായിരുന്നേ നിർവ്വഹിക്കാൻ പറ്റൂ. രജോഗുണത്തിന്റെ ക്രമികവികാസത്തിൽ സത്വഗുണത്തിന്റെ ഉദയരാശിയിലാണ് വാനപ്രസ്ഥം വ്യക്തിയിൽ ആരംഭിക്കുന്നത്. ചുരുക്കത്തിൽ സത്വഗുണത്തോടു ചേർന്നാണ് വിചാരം ആരംഭിക്കുന്നത്. അതുകൊണ്ട് തന്നെ വിചാരമാർഗ്ഗം സാമാന്യജനത്തിനായി പറയപ്പെട്ടതല്ല. അജാതവാദം ഉൾക്കൊണ്ട വിചാരസാധനകാനാണ് 'നേതി നേതി' എന്ന പദ്ധതിക്കധികാരി. കാരണം സത്വഗുണാധിക്യമുള്ള ആ അവസ്ഥയിൽ അയാൾക്ക് ശ്രുതിവിപ്രതിപന്നത്വം വരാനുള്ള സാധ്യത വളരെക്കുറവാണ്. ശ്രുത്യാകാരമായിത്തീർന്ന അയാളുടെ ബുദ്ധിയിൽ അധ്യാരോപിതമായി വരുന്ന പ്രപഞ്ചത്തെയാണ് 'നേതി നേതി' എന്ന് നിഷേധിക്കുന്നത്.

*' വിശ്വം വിവേകദശയിങ്കൽ അഴിഞ്ഞു സർവ-*
*മസ്വസ്ഥമാകിലുമതിന്ദ്രിയദൃശ്യമാകും*
*ദിക്കിൻഭ്രമം വിടുകിലും ചിരമിങ്ങിവന്റെ*
*ദൃക്കിന്നു ദിക്ക് പുനരങ്ങനെതന്നെ കാണാം'*
*(അദ്വൈതദീപിക, 2012, ശ്ലോകം 9)*

എന്ന് ഈ അവസ്ഥയെക്കുറിച്ച് ഗുരു പറയുന്നുണ്ട്. പ്രപഞ്ചം ഇല്ലാത്തതാണെന്നറിഞ്ഞ് പൂർണ്ണബോധ്യം വന്ന ഈ അവസ്ഥയിൽ തോന്നുന്ന ദൃക്ഭ്രമം ഇല്ലാത്ത കറുത്തപൂച്ചയെ ഇരുട്ടത്തുതപ്പുന്നതുപോലെയാണ്. ഇല്ലാത്തതിനെ നിരാകരിക്കുന്നതുകൊണ്ട് വാസ്തവത്തിൽ അവിടെയും നിരാകരണം സംഭവിക്കുന്നില്ല. മറിച്ച് നിഷേധത്തിന്റെ നിഷേധമാണ്.

നാരായണഗുരു കൃതികൾ രചിച്ചതും ക്ഷേത്രപ്രതിഷ്ഠ നടത്തിയതും സാമൂഹികജീവിതസന്ദർഭങ്ങളിൽ നിലകൊണ്ടതും അദ്ദേഹത്തിനുവേണ്ടിയോ അദ്ദേഹത്തിന്റെ തലത്തിലോ അല്ല. തന്നെ സമീപിച്ച ഗുണാധീനരായവർക്കുവേണ്ടിയാണ്. അവരുടെ തലത്തെ



Scanned by CamScanner

പരിണമിപ്പിക്കുവാൻ സർവ്വസ്വീകാര്യതയുടെ, പ്രസാദാത്മകതയുടെ വഴിയാണ് അദ്ദേഹം സ്വീകരിച്ചത്. അതല്ലായിരുന്നുവെങ്കിൽ കുറ്റബോധമുള്ള പാപികളെന്നു സ്വയം ശപിക്കുന്ന ഒരു മതസമൂഹം രൂപപ്പെട്ടേനെ. വ്യക്തിപരമായി ഗുരു തന്റെ സാധനാജീവിതത്തിന് 'നേതി നേതി' എന്ന വിചാരമായിരുന്നോ പിന്തുടർന്നിരുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തിയ തെളിവുകളൊന്നും നമുക്കില്ല. എന്നാൽ സാധകന്റെ ക്ലിഷ്ടതകളെക്കുറിച്ച് പറയുന്ന

*'കരുങ്കുഴലിമാരൊടുകർന്നുരുകിയപ്പു*
*കുരന്നടിപിരിഞ്ഞടിയനിങ്ങു കുഴയുന്നു'*
*(മനനാതീതം, 2012, ശ്ലോകം 1)*

*'അലഞ്ഞുമുലയും തലയുമേന്തിയകതാരിൽ*
*കലങ്ങിയെഴുമാഴിയുമഴിഞ്ഞരിയകണ്ണും*
*വിളങ്ങിവിളയാടി നടകൊള്ളുമിവരോടി-*
*മ്മലങ്ങളൊഴുകും കുടിലിലാണവലയുന്നു'*
*(മനനാതീതം, 2012, ശ്ലോകം 4)*

*'വളഞ്ഞകുഴലോടുമുലയുന്ന മിഴിയിന്നു*
*വിളഞ്ഞതതിലെന്തിനു കിടന്നുചുഴലുന്നു'*
*(മനനാതീതം, 2012, ശ്ലോകം 5)*

*'ഇണങ്ങിയിരുകൊങ്കയുമിളക്കിയുരിയുണ്ണും*
*പിണങ്ങളൊടു പേടിപെരുതായിവിളയുന്നു'*
*(മനനാതീതം, 2012, ശ്ലോകം 7)*

*'കാടുംമേടും കഥിട്ടോണ്ടൊരു കമനിമണി-*
*കാന്തനായാലുമെന്തേ*
*പാട്ടുംകേട്ടും പറഞ്ഞും പലവഴിയുഴറി-*
*പ്പാഞ്ഞലഞ്ഞാലുമെന്തേ'*
*(സുബ്രഹ്മണ്യകീർത്തനം, 2012, ശ്ലോകം 6)*

*'ചലമിഴിമാരുടെ ചഞ്ചു കണ്ടുനില്ക്കും'*
*(ശിവശതകം, 2012, ശ്ലോകം 38)*

*'മിഴിമുനകൊണ്ടുമയക്കി നാഭിയാകും*
*കുഴിയിലുരുട്ടി മറിപ്പതിനൊരുങ്ങി*



Scanned by CamScanner

കിഴിയുമെട്ടുത്തുവരുന്ന മങ്കമാർതൻ
വഴികളിലിട്ടു വലയ്ക്കൊലാ മഹേശാ'
(ശിവശതകം, 2012, ശ്ലോകം 69)

'തലമുടികോതി മുടിഞ്ഞുതക്കയിട്ടു -
കൊലമദയാനകലുങ്ങിവന്ന കൊമ്പും
തലയുമുയർത്തി വിയത്തിൽനോക്കിനില്ക്കും
മുലകളുമെന്നെ വലയ്ക്കൊലാ മഹേശാ'
(ശിവശതകം, 2012, ശ്ലോകം 70)

'തടമുലയേന്തിവരുന്ന കൈവളപ്പെൺ-
കൊടിയടിപാർത്തുനടത്തൊലാ മഹേശാ'
(ശിവശതകം, 2012, ശ്ലോകം 72)

തുടങ്ങിയ കൃതികളിലെ സാധകന്റെ പരീക്ഷണങ്ങൾ നാരായണ ഗുരുവിന്റെ വ്യക്തിജീവിതത്തിലേതെന്നെടുത്താൽ വിചാരപരനായി 'നേതി നേതി' എന്ന മാർഗ്ഗമാണ് അദ്ദേഹം തുടർന്നതെന്ന് കാണാം. അങ്ങനെയുള്ള ഗുരുവിന്റെ കൃതികൾ, പ്രതിഷ്ഠ സാമൂഹികജീവിതം, നൈതികബോധം എന്നിവ അപരനുവേണ്ടിയാകുകയും അനിരാകരണ സ്വരൂപമായ ഉപനിഷദ് സമ്പ്രദായത്തെ സ്വീകരിക്കുന്നതും കാണാം. അതിനുകാരണവും നാരായണഗുരുതന്നെ പറയും.

'സ്പഷ്ടം ന്ലാവങ്ങു നീങ്ങി ദിനകരനുദയം
ചെയ്തുചന്ദ്രൻ മറഞ്ഞു
തട്ടി തട്ടി പെരുക്കിപെരുവെളിയതിലാ
ക്കീട്ടുവാൻ പിന്നെയാട്ടെ
കഷ്ടം ദീനം പിടിച്ചോ മദിരയതു കുടി
ച്ചോ കിടക്കുന്ന ലോകർ
ക്കുത്തിഷ്ഠോത്തിഷ്ഠ ശീഘ്രം നദിയിൽ മുഴുകുവാൻ
കാലമായ് വന്നിതിപ്പോൾ'
(സുബ്രഹ്മണ്യകീർത്തനം 12)

ഗുരുവിൽ ഈ അനിരാകരണത്തിന്റെ ആവിഷ്ക്കരണം പലതലങ്ങളിൽ പ്രകടമാകുന്നുണ്ട്. അതിൽ ഏതാനുംചിലത് വിശകലന വിധേയമാക്കുകയാണിവിടെ

## I അനിരാകരണം ക്ഷേത്രപ്രതിഷ്ഠയിൽ

നാരായണഗുരുവിനെ ജനകീയ ആചാര്യനാക്കിയതും നവോത്ഥാന നായകൻ എന്ന കർതൃത്വത്തെ അടയാളപ്പെടുത്തുന്നതിൽ



Scanned by CamScanner

പ്രധാനപങ്കുവഹിച്ചതും ക്ഷേത്രപ്രതിഷ്ഠകളാണ്. ജാതിവ്യവസ്ഥയുടെ കുടിലതയിൽപ്പെട്ട് ഗുണപരിണാമത്തിന് സാധ്യതയില്ലാതെ പോയ ഒരു ജനസമൂഹത്തിന്റെ പരിണാമത്തിനുള്ളിലാണ് നാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകളെ നാം കാണേണ്ടത്. ഗുരുസ്വമേധയാ ഒരു ക്ഷേത്രത്തിലും പ്രതിഷ്ഠ നടത്തിയിട്ടില്ല. തന്നെ സമീപിച്ചവരുടെ ഇച്ഛയിലേയ്ക്ക് പരേച്ഛാപൂർവ്വം വികസിക്കുകയാണ് ചെയ്തിട്ടുള്ളത്. മാടൻ, മറുത തുടങ്ങിയ മൂർത്തികളും തമോഗുണപ്രധാനമായ അവയുടെ അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം നല്കിയിരുന്ന ഒരു ജനസമൂഹമാണ് വരുന്നതെങ്കിൽ രജോഗുണപ്രധാനിയായ ഒരു ദേവതയെ അവരുടെ ഗുണം പരിവർത്തിപ്പിക്കുന്ന തലത്തിൽ പ്രതിഷ്ഠിക്കുകയാണ് ഗുരു ചെയ്തത്. രജോഗുണത്തിൽ നിലകൊള്ളുന്ന ഇടങ്ങളിൽ സത്ത്വാധിക്യമുള്ള ദേവതകളെ പ്രതിഷ്ഠിച്ച് വ്യക്തിയിലും സമഷ്ടിയിലും ലീനമായി കിടക്കുന്ന ഗുണങ്ങളെ പരിണമിക്കുന്ന ദേവതാ സങ്കൽപ്പത്തെ പ്രതിഷ്ഠിച്ച് ' ഗുണിച്ചവയോക്കെയുമൊഴിഞ്ഞു ഗുണക്കടൽപോയ്' ഉയരുവാനുള്ള ഒരു ക്രിയാപദ്ധതിയാണ് നാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകളുടെ അന്തർധാരയിലുള്ളത്

*' പ്രഭാരൂപയാം നിൻപ്രകാരം നിനച്ചാൽ*
*പ്രഭാരം കെടും ഹൃതപ്രസാദാലെവർക്കും*
*പ്രസാദിക്കുമെല്ലാവനും ത്വത്പ്രസാദാത്*
*പ്രയാസം സമസ്തം പ്രയാതീവദൂരം'*
*(മണ്ണന്തലദേവീസ്തവം, 2012, ശ്ലോകം 3)*

ഇത്തരം പ്രതിഷ്ഠാസങ്കല്പത്തിന്റെ സ്വാഭാവികമായ പ്രതീകവത്ക്കരണമാണ് അവസാനത്തെ കണ്ണാടി പ്രതിഷ്ഠയിൽ ഗുരു നടത്തിയത്. അദ്വൈതസിദ്ധാന്തത്തെ മൂർത്തരൂപമാക്കി പ്രതിഷ്ഠിക്കുകയാണ് ഗുരു കണ്ണാടിപ്രതിഷ്ഠയിലൂടെ ചെയ്തത്. വെറും കണ്ണാടിയല്ല കണ്ണാടിയിൽ ഓംകാരത്തെക്കൂടിയാണ് പ്രതിഷ്ഠിച്ചത്. ജാഗ്രത് സ്വപ്നസുഷുപ്തങ്ങളെന്ന മൂന്നവസ്ഥകളാണ് ഓങ്കാരം ഉള്ളടക്കുന്നത്. പ്രപഞ്ചാനുഭവത്തെയും പ്രപഞ്ചാവിർഭാവത്തെയുമാണ് ഓങ്കാരം സൂചിപ്പിക്കുന്നത്.

*'ഓമിത്യേദക്ഷരമിദം സർവ്വം ഭൂത ഭവത്*
*ഭവിഷ്യതി സർവ്വം ഒങ്കാരയേവ'*
*(മാണ്ഡൂക്യോപനിഷദ് മന്ത്രം ഒന്ന്)*

എന്നു പ്രമാണം. കണ്ണാടിയിലുള്ള ഓങ്കാരവും കണ്ണാടിയെ നമസ്ക്കരിക്കുന്ന വ്യക്തിയിലെ ജാഗ്രത് സ്വപ്നസുഷുപ്ത വ്യക്തിത്വങ്ങളെയും ഏകീഭവിപ്പിച്ച് തുരീയം പദമായ കണ്ണാടിയിൽ (material plain) ബ്രഹ്മത്തെ പ്രതിഷ്ഠിക്കുകയാണ് നാരായണഗുരു. ഗുണാതീതനിലയിൽ അദ്ദേഹം നടത്തിയ ഏക പ്രതിഷ്ഠയും കണ്ണാടി പ്രതിഷ്ഠയാണ്. അദ്വൈതവേദാന്തിയായ അദ്ദേഹത്തിന്റെ തലത്തിൽ



Scanned by CamScanner

നടത്തിയ പ്രതിഷ്ഠയുമാണത്. ദേവതകളും ഈശ്വരസങ്കല്പങ്ങളും ഗുണങ്ങൾക്കകത്തും പരമാത്മാവ് ഗുണാതീതമായ തലത്തിലുമാണെന്നതാണ് ഇന്ത്യൻ ദർശനത്തിന്റെ സവിശേഷത. ഗുണാതീതനായിരിക്കുമ്പോഴും തന്നെ സമീപിച്ച ഗുണികളെ നിരാകരിക്കാതെ അവരെ അടുത്ത ഗുണത്തിലേയ്ക്ക് പരിണമിപ്പിക്കുന്ന പ്രതിഷ്ഠകൾ നടത്തി ഉപനിഷദ് ധർമ്മമായ 'അനിരാകരണം' എന്ന ദർശനത്തെ ക്രിയാപദ്ധതിയായി ആവിഷ്ക്കരിക്കുകയായിരുന്നു നാരായണഗുരു

## II സ്തോത്രകൃതികളും അനിരാകരണവും

ഗുണങ്ങളെ ആശ്രയിച്ച വ്യഗ്രമായിപോകുന്ന ചിത്തവൃത്തികളെ നിരോധിച്ച് യോഗത്തിലേയ്ക്ക്, സമാധിയിലേയ്ക്ക് ഉയർത്തുന്ന ആഖ്യാനതന്ത്രത്താൽ സമൃദ്ധമാണ് നാരായണഗുരുവിന്റെ സ്തോത്രകൃതികൾ. ചിത്തത്തെ ഏകാഗ്രമാക്കി 'ചിത്തവൃത്തി നിരോധഃ യോഗഃ' (പാതഞ്ജലയോഗസൂത്രം സമാധിപാദം സൂത്രം 2) എന്നു പറയുന്ന തലത്തിൽ യോഗശാസ്ത്ര സാധനയിലേയ്ക്ക് കൊണ്ടുവരുകയാണ് നാരായണഗുരു.

*'പമ്പരത്തൊടു പകച്ചിടും ഭ്രമണ*
*വേഗമുള്ള മതിയൊടും വ*
*ന്നംബരത്തിലണയുന്നതിന്നിവന*
*ശക്തനെന്നു കരുതീട്ടുനീ*
*അൻപിരന്നടികൾ വാഴ്ത്തി നില്ക്കുമഗതിക്കു*
*സദ്ഗതി വരുത്തിടും*
*നിൻപദത്തൊടു ലയിപ്പതിന്നു നിയതം*
*വരം തരിക മംഗലേ'*
*(മണ്ണന്തലദേവീസ്തവം, 2012, ശ്ലോകം 6)*

*' ജ്യോതിസശ്ചക്രം കണക്കെൻ മനമിളകിമറി*
*ഞ്ഞായുരന്ത വരുമുൻ*
*ബോധക്കേടൊക്കെ നീക്കിത്തരികയമൃതരുൾ*
*ത്തേൻതുളുമ്പും പദം തേ*
*(സുബ്രഹ്മണ്യകീർത്തം, 2012, ശ്ലോകം 3)*

സുബ്രഹ്മണ്യകീർത്തനത്തിൽ മനമിളകിമറിയുന്നതിനെ ജ്യോതിശ്ചക്രത്തിലേയ്ക്ക് അന്വയിച്ചിരിക്കുന്നത് പാതഞ്ജലസൂത്രത്തിലെ മൂഢം, ക്ഷിപ്തം, വിക്ഷിപ്തം, നിരോധം, ഏകാഗ്രത എന്നിങ്ങനെയുള്ള ചിത്തവൃത്തികളുടെ സ്വഭാവസ്വരൂപങ്ങളിലേയ്ക്ക് സൂചന നല്കുന്നു.

ദേവതകളുടെ പരമ്പരാഗതമായ വ്യക്തിമുദ്രകളുടെ ഏകീകരണത്തിലൂടെ ബഹുശാഖാന്വിതമായപോകുന്ന ഇഷ്ടദേവതാ വർണ്ണന

പരാവൃത്തത്തെ പുനസൃഷ്ടിക്കുന്ന ശൈലിയാണ് നാരായണഗുരു. ഇദ്ദേ ഹത്തിന്റെ സുബ്രഹ്മണ്യനും ദേവിയും പറയുന്ന തിരുമുടിയിലെ ചന്ദ്രക്കല, പാമ്പ്, തലയോട്ടി, ഗംഗ തുടങ്ങിയ വിശേഷണങ്ങൾ എല്ലാം ശിവന്റെ പരമ്പരാഗത വിശേഷണങ്ങളാണ്.

*ഇന്ദുകലാശേഖരനും തിരുമുടിയിലതിൽ*
*പരമേശ്വരനാകും*
*ശ്രീകണ്ഠഗ്രന്ഥികൾ തിരുമാലി ചിതറി-*
*ചിത്രമതിപ്പരയും*
*നാലുപുരുഷാർത്ഥങ്ങളും തരുക ശങ്കര-*
*ന്റെ കൽവിളക്ക് വെച്ച്-*
*നയനത് പ്രണയിച്ച വല്ലികകോടിയു-*
*മടിയവർക്കെന്റെയുമപ്പൊരുളാകും'*
*(ചിദംബരാഷ്ടകം, 2012, ശ്ലോകം 2)*

*'തിങ്കളും ത്രിദശഗംഗയും തിരുമുടിക്ക-*
*ണിഞ്ഞു വിലസുന്ന നല്-*
*ത്തിങ്കൾ നേർമുഖി, ദിഗംബരന്റെ തിരുമെയ് പ-*
*കുത്ത ശിവകാമിയെ,*
*( മണ്ണന്തലദേവീസ്തവം, 2012, ശ്ലോകം 2)*

ദേവതകളെ ഏകീകരിക്കുന്ന സ്വീകാര്യതയുടെ ഒരു തലം ആ കൃതികൾക്കുണ്ട്. നാരായണഗുരുവിന്റെ സ്തോത്രകൃതികളുടെ അന്തർധാരയിലുള്ളത് വേദാന്തരസമാണ്. സാമീപ്യം, സാലോക്യം എന്നിവയിലൂടെ സായൂജ്യത്തിലേയ്ക്ക് ദേവതാഭക്തൻ ഗുണികളെ കടന്നെത്തുന്നത് അദ്വൈതാനുഭവത്തിലേയ്ക്കാണ്. ഭക്തനും ദേവത യുമെന്ന ദ്വൈതത്തിലല്ല അദ്വൈതസങ്കല്പത്തിലാണ് ഗുരുവിന്റെ സ്തോത്രകൃതികൾ സിദ്ധാന്തപരമായും ആഖ്യാനപരമായും നില കൊള്ളുന്നത്. അതുകൊണ്ട് ആ ദേവതയുടെ യന്ത്രത്തിനുമാത്രമല്ല മന്ത്രത്തിനും ആ കൃതികളിൽ ഇടമുണ്ട്. ആ ദേവതകൾ മതിയൊ ലിയാവുന്നത് അതുകൊണ്ടാണ്.

*'മൗനപ്പൊരുളൊഴുക്കേ, മതിയമൃതൊലിയേ,*
*മന്ദനാമെൻ മനക്കണ്*
*ജ്ഞാനക്കണ്ണാടിയേ, നിൻതിരുവടിയടിയൻ*
*(സുബ്രഹ്മണ്യകീർത്തനം, 2012, ശ്ലോകം 10)*

മതിയിലെ അമൃതൊലി ഒഴുക്കായി ദേവതയെ മാറ്റുന്ന താന്ത്രിക വിതാനം സുബ്രഹ്മണ്യകീർത്തനത്തിലെ 7ാം ശ്ലോകത്തിൽ അവത രിപ്പിക്കുന്നുമുണ്ട്.

*'ഓങ്കാരം കൊണ്ടെഴപ്പിപ്പെരുവെളി നടുവെ*



Scanned by CamScanner

പുള്ളികൊണ്ടുള്ളിലുള്ളമാം
ഓങ്കാരം കേട്ടുണർന്നിട്ടു ഝടിതി
മതിമാമരത്തിൽക്കടിപ്പാൻ'

ഓങ്കാരസാധനകൊണ്ട് ഇത്തരത്തിൽ സത്യത്തെ ലാവണ്യവും ശിവവുമാക്കുന്ന രീതിശാസ്ത്രം നാരായണഗുരുവിന്റെ സ്തോത്രങ്ങൾക്ക് കൈവരുത്തുന്നത് ദേവതാസങ്കല്പത്തിന്റെയും ഉപാസനകളുടെയും അനിരാകരണമാണ്.

## III അനിരാകരണം ജീവിതത്തിൽ

ലോകാചാരത്തെയും ശാസ്ത്രാചാരത്തെയും ശ്രുതിയെന്ന കേന്ദ്രബി ന്ദുവിൽ സമന്വയിപ്പിക്കുന്ന നാരായണഗുരുവിന്റെ വ്യക്തിജീവിതം അനിരാകരണത്തിന്റെ ലാവണ്യാനുഭവത്തിന് ഉത്തമ ഉദാഹരണ മാണ്. കാരണം അരുള്, അൻപ്, അനുകമ്പ മൂന്നിനും പൊരുളൊ ന്നാണിത് ജീവതാരകം' (അനുകമ്പാദശകം) എന്ന മന്ത്രത്തിന്റെ ആവിഷ്ക്കരണമായിരുന്നു ഗുരുവിന്റെ വ്യക്തിജീവിതം. അതാണ ദ്ദേഹത്തെ സാമൂഹ്യപരിഷ്ക്കർത്താവെന്ന വിഗ്രഹഭഞ്ജനെന്നുമൊ വമുള്ള പേരിനാൽ അലങ്കരിക്കപ്പെട്ടപ്പോഴും സുക്ഷ്മാർത്ഥത്തിൽ റിബലോ, നിഷേധിത്തിന്റെ വക്താവോ ആക്കി മാറ്റാത്തത്.

ഉദാഹരണത്തിന് സമഷ്ടിയിൽ ദുർബലരാലും അജിതേന്ദ്രിയ രാലും നിയന്ത്രിക്കപ്പെട്ട ജാതിശരീരത്തെ വിമർശിക്കുമ്പോഴും ഗുരു വ്യക്തിയിൽ ലീനമായിരിക്കുന്ന ജാതിയുടെ ആചാരഭാവങ്ങളെ നിരാകരിക്കുന്നില്ല. ശാസ്ത്രചർച്ചയ്ക്കായി ഗുരുവിനെ കാണാൻ വന്ന നമ്പൂതിരി ആശ്രമത്തിൽ നിന്ന് പാകം ചെയ്ത ഭക്ഷണം കഴിക്കാൻ വിസ്സമ്മതിക്കുമ്പോൾ ആശ്രമാന്തേവാസികൾക്ക് നമ്പൂതിരിയെ ജാതി പിശാചായെ കാണാൻ പറ്റുന്നുള്ളൂ. എന്നാൽ ഗുരുവാകട്ടെ അയാൾക്ക് അയിത്തം പാലിക്കാൻ ഉതകുന്ന തരത്തിൽ ഫലങ്ങൾ ഭക്ഷിക്കാൻ നല്കിയതിനു ശേഷമേ ആഹാരം കഴിക്കുന്നുള്ളൂ.

വിഗ്രഹഭഞ്ജകത്വമാകട്ടെ ഉന്മാദകരിയായ ഹാസ്യത്തിലൂടെ എതിരാളിയായി വരുന്നവനെ സഹചാരിയാക്കുന്ന സമന്വയത്തിലേ യ്ക്കാണ് വളർന്നു നില്ക്കുന്നത്. മതം മാറ്റാൻ വന്ന പാതിരിയും വായിലെ പല്ലു കാട്ടാൻ പറഞ്ഞപ്പോൾ ഉറഞ്ഞുനിന്ന കോമരവും തിരിച്ചറിവു കൊണ്ട് പരിണാമിച്ച് ലൗകീകപ്രപഞ്ചത്തിന്റെ നിസ്സാരത തിരിച്ചറി യുന്ന അറിവിലേയ്ക്ക് ഉയരുകയാണ്. അജ്ഞതയാകുന്ന തിമിരത്തെ ജ്ഞാനമാകുന്ന അഞ്ജനംകൊണ്ട് കണ്ണെഴുതിച്ച നാരായണഗുരുവി ന്റെ ജീവിതത്തെ ലളിതവും സർഗ്ഗസരളവുമാക്കിയത് അദ്ദേഹത്തിൽ നിറഞ്ഞുനിന്ന അനിരാകണത്തിന്റെ യുക്തിയാണെന്ന് പറയാതെ തരമില്ല.



Scanned by CamScanner

## IV അനിരാകരണം നാരായണഗുരുവിന്റെ നൈതികതാസങ്കല്പത്തിൽ

അദ്വൈതവേദാന്തിയായ നാരായണഗുരുവിന്റെ നൈതികകതാബോധത്തിന് നട്ടനില നൽകുന്നത് 'അനിരാകരണം' തന്നെയാണ്. 'അറിവുമറിഞ്ഞിടുമർത്ഥവും പുമാൻ തൻ അറിവും ഒരാദിമഹസ്സുമാത്രമാകും" എന്നും 'അതുമിതുമല്ല സദർത്ഥമല്ലഹം സച്ചിദമൃതമെന്നു തെളിഞ്ഞ് ധീരനായ ആപ്തകാമനായ ഗുരുവിന്റെ നൈതികതാബോധത്തെ ആത്മോപദേശശതകത്തിലെ ഏതാനും ശ്ലോകങ്ങളിലൂടെ വിശകലനം ചെയ്യുകയാണിവിടെ.

പരമപദത്തിലേയ്ക്ക് അദ്വൈതാനുഭൂതിയിലേയ്ക്ക് ഉയരാനാഗ്രഹിക്കുന്നവൻ പുലർത്തേണ്ടുന്ന സാമാന്യമര്യാദയെ ' പരവശനായ് പരതത്ത്വമെന്റെ തെന്നോർക്കരുത്" (ആത്മോപദേശശതകം 62) എന്നു നാരായണഗുരു നിർവ്വചിക്കുന്നുണ്ട്. കാരണം സാധനാവിഘ്നങ്ങളിലൊന്നാണ് 'അറിവിനെയും മമതയ്ക്കധീനമാക്കുന്നത്" (ആത്മോപദേശശതകം 60) അത് വിഷമയായ പ്രതിവിഷയും പ്രതിചിതറുന്ന ബുദ്ധിയാണ്. അതിനെ സമയിലേയ്ക്ക് എത്തിച്ച് സമധീയായിത്തീരാൻ സാധകൻ അവശ്യം പാലിക്കേണ്ടുന്ന ചിത്തസാധനയുടെ ആഖ്യാനം ആത്മോപദേശശതകം 44, 45, 46, 47 49 എന്നീ ശ്ലോകങ്ങളിൽ കാണാം. അനിരാകരണത്തെ നൈതികബോധമായി സ്വീകരിക്കാനാണ് ഗുരു 44ാം ശ്ലോകത്തിൽ പറയുന്നത്. നിരാകരണം പാമരന്മാരുടെ ലോകമാണ്. പലമതസാരവും ഏകം എന്നതിലൂടെ സിദ്ധാന്തപക്ഷമായി അനിരാകരണത്തെ 44ാം ശ്ലോകത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

മതങ്ങളുടെ രഹസ്യമറിഞ്ഞവന് ഒരു മതവും നിന്ദ്യമോ ഊനമോ ആകുന്നില്ല. കാരണം'ധരയിലിതിന്റെ രഹസ്യമൊന്നുതാൻ ' എന്ന് 45ാം ശ്ലോകത്തിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ മതങ്ങൾ തമ്മിൽ ഏറ്റുമുട്ടുവാൻ കാരണവുമില്ല. പൊരുത് ജയിക്കുന്നതാകട്ടെ അസാധ്യവും, ഈ തഥ്യ അറിഞ്ഞാൽ പരമതവാദം ഒഴിഞ്ഞുപോകുക തന്നെ ചെയ്യുമെന്ന് 46ാം ശ്ലോകം. വാദം അവസാനിക്കണമെങ്കിൽ ഒരു മതമാകുവതിന്നുരപ്പതെല്ലാവരും എന്ന സാമാന്യ ബോധം ആവശ്യമാണെന്നും ആത്മവിഷയകമായ ബുദ്ധിയുള്ള പണ്ഡിതൻമാത്രമാണ് പരമതവാദം ഒഴിഞ്ഞ് അനിരാകരണത്തിലിരിക്കുന്നതെന്നും 47ാം ശ്ലോകം കൊണ്ട് സ്ഥാപിക്കുന്ന ഗുരു'ആത്മസുഖത്തിനായ് സകലരും ചെയ്യുന്ന പ്രയത്നത്തെ മാനദണ്ഡമായെടുത്ത് 'ജഗതിയിലിമ്മതമേകമെന്നു ചിന്തിച്ചഘമണയരുത് എന്ന് തന്റെ അനിരാകരണ തത്വശാസ്ത്രത്തെ 49ാം ശ്ലോകത്തിൽ വിശദീകരിച്ചിരിക്കുന്നു. അങ്ങനെ അനിരാകരണ സഹജമായവർ 'അപരനു വേണ്ടി അഹർനിശം പ്രയത്നം കൃപണത വിട്ടു ചെയ്യുന്നു

Scanned by CamScanner

(ആത്മോപദേശശതകം 23) അത്തരം പ്രയത്നങ്ങളെ സ്വീകാര്യമാക്കുന്ന നയത്തിന്റെ മാർഗ്ഗരേഖ 22ാം ശ്ലോകത്തിൽ കാണാം

*'പ്രിയമപരന്റെയതെൻ പ്രിയം, സ്വകീയ*
*പ്രിയമപരപ്രിയ, മിപ്രകാരമാകും*
*നയമതിനാലെ നരന്നു നന്മനല്കും*
*ക്രിയയപര പ്രിയ ഹേതുവായ് വരേണം*

ഈ നയം ചെയ്യാൻ പ്രാപ്തി നല്കുന്നത്' തൻ പ്രിയമപരപ്രിയമെന്ന (21) അറിവാണ്. ആ അറിവില്ലാത്തവന്റെ ഭ്രമലോകം ആസുരമാണ്. ഈ ഭ്രമലോകത്തിലൂടെയാണ് സഞ്ചാരമെങ്കിൽ ' അന്തരാത്മാവിനെ ബഹുരൂപമാക്കി' യോഗഭ്രഷ്ടനായിക്കൊണ്ടുവേണം സാധകൻ അതിനു വില നൽകാനെന്ന് 76ാം ശ്ലോകത്തിൽ പറയുന്നുണ്ട്.

*മണലളവറ്റ് ചൊരിഞ്ഞവാപിയിന്മേൽ*
*ലണിയണിയായല വീശിടുന്ന വണ്ണം*
*അനൃതപരമ്പര വീശിയന്തരാത്മാ*
*വിനെയകമേ ബഹുരൂപമാക്കിടുന്നു'*
*(ആത്മോപദേശശതകം, 2012, ശ്ലോകം 76)*

കരുവിലേക്ക കണ്ണുകൾ അഞ്ചും ഉള്ളടക്കുന്ന ആത്മാന്വേഷകൻ പാലിക്കേണ്ട ലോകാചാരക്രമത്തിന്റെ നൈതികതയാണ് ഗുരുമേൽ സൂചിപ്പിച്ച ശ്ലോകങ്ങളിലൂടെ അവതരിപ്പിക്കുന്നത്. സ്വേച്ഛയിൽ നിന്ന് പരേച്ഛയിലേക്കുള്ള വികാസമാണ് സാമ്പ്രദായിക വിദ്യയിൽ ആദ്ധ്യാത്മികതയിലേയ്ക്ക് പരിണാമത്തിന്റെ ആദ്യപടിയായി കണക്കാക്കിപ്പോരുന്നത്.

'ആലാപമാത്രം അഖിലം' എന്നുറച്ച ധാരണയുള്ള ഗുരുവിനു നിരാകരണം സാധകന് 'പരം ഭ്രമമേക'മെന്നറിഞ്ഞിരുന്നു എന്നു മാത്രമല്ല 'നാദം തിരണ്ടാൽ ഉരു'വായി (പിണ്ഡനന്ദി) തീരുമെന്നും ഉരുവിലമർന്നാൽ 'അന്നാദിയിൽ പ്രിയമുയർന്ന് ആടലാം കടലിൽ (ജനനീനവരത്നമഞ്ജരി) ഉഴലുമെന്നും ഉറപ്പായിരുന്നു. ആ സാധനകളൊക്കെ പ്രവൃത്തിമാർഗ്ഗത്തിന്റേതാണ്. നിവൃത്തിമാർഗ്ഗനിരതനായ ആത്മാന്വേഷകന്റെ മതം അനിരാകരണം ആയിരിക്കണം അല്ലെങ്കിൽ ശബ്ദജാലമാകുന്ന മഹാരണ്യത്തിൽ പെട്ടുപോകുമെന്ന് നാരായണഗുരു ആത്മാന്വേഷകനെ ആവർത്തിച്ചാവർത്തിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്.

*'സകലവുമുള്ളതുതന്നെ തത്ത്വചിന്താ*
*ഗ്രഹനിതു സർവ്വവുമേകമായ് ഗ്രഹിക്കും*
*അകമുഖമായറിയായ്കിൽ മായയാം വൻ*
*പക പലതും ഭ്രമമേകിടുന്നു പാര*



Scanned by CamScanner

(ആത്മോപദേശശതകം, 2012, ശ്ലോകം, 88)

(ആത്മോപദേശശതകം ... ഗുരുവാണ്. ഇന്ദ്രിയങ്ങളെല്ലാം 'അറിവ്' ... പ്രതിഭാസമാണ്. പ്രതിഭാസം പ്രതി ആത്മാനുഭവങ്ങളെ ... നിരാകരിക്കാനും (ആത്മോപദേശ പ്രതിഭാസം നിഷേധിച്ചുകൊണ്ട് ... (ആത്മോപദേശശതകം, 2012, ശ്ലോകം, 64) ... നിർവ്വചിക്കുകയാണ് നാരായണഗുരു ആത്മോപദേശശതകത്തിലെ നൈതികതയുടെ അവതരണത്തിലൂടെ.

ദാർശനിക കൃതികളിൽ മാത്രമല്ല വ്യക്തിജീവിതത്തിലും നാരായണഗുരുവിന് അനിരാകരണത്തിന്റെ നൈതികബോധം ഉണ്ടായിരുന്നു. ക്രിസ്തുമതത്തിലേക്ക് മതംമാറാൻ പാതിരി നിർദേശിക്കുമ്പോൾ 'നിങ്ങൾ ജനിക്കുന്നതിനു മുമ്പേ നാം ക്രിസ്തുമതത്തിലാണെന്ന്' ഗുരുവിന് പ്രതികരിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്.

ഔപനിഷദികമായ നിരാകരണതന്ത്രമാണ് നാരായണഗുരുവിന്റെ ദർശനത്തെയും ജീവിതത്തെയും ചിട്ടപ്പെടുത്തുന്നത്. അതുകൊണ്ട് നിരപേക്ഷവും സാർവ്വകാലികവുമായ പ്രസക്തി അദ്ദേഹത്തിന്റെ കൃതികൾക്കും ജീവിതത്തിനുമുണ്ട്. സത്യത്തെ മംഗളകരമാക്കി, പ്രസാദാത്മകമാക്കി ആധുനികകാലത്ത് അവതരിപ്പിച്ച ആ മുനി ലാവണ്യാനുഭവത്തിന്റെ എക്കാലത്തെയും ഉദാഹരണമാണ്. പരമാർത്ഥത്തെ അറിയാനും പറയാനും അതേ സമയം കർമ്മത്തിന്റെ തേര് ഓടിക്കാനും പറ്റിയ കൃഷ്ണന്റെ നിരോധലീലയുടെ ലാവണ്യാനുഭവം നാരായണഗുരുവിൽ ഊറിക്കൂടുന്നു എന്നതുനെയാണ് ഭാരതീയ തത്ത്വചിന്തയിലെ അനിരാകരണം എന്ന സമ്പ്രദായത്തിന്റെ സാധ്യതയും. ഇത്തരം ഒരു സാധ്യതയിലേക്ക് വിരൽചൂണ്ടുന്നതാണ് കുമാരനാശാന്റെ നാരായണഗുരുവിനെക്കുറിച്ചുള്ള 'വേദാഗമസാരങ്ങൾ അറിഞ്ഞങ്ങൊരുവൻ താൻ, ഭേദങ്ങൾ കണ്ടു വസിപ്പു മലപോലെ' എന്ന പ്രയോഗം.

## സഹായക ഗ്രന്ഥങ്ങൾ

1) നാരായണഗുരു, സമ്പൂർണ്ണകൃതികൾ, 2012: നാരായണ ഗുരുകുലം, വർക്കല.

2) ശ്രീമാൻ നമ്പൂതിരി, ഉപനിഷത് സർവ്വസ്വം, 2009: സാമ്രാട്ട് പബ്ലിക്കേഷൻ

Scanned by CamScanner